# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.06.2025**

## പ്രധാനവാർത്തകൾ

1) നഗരവൽക്കരണത്തിൻറെ സാധ്യതകളും പ്രശ്നങ്ങളും മനസിലാക്കിയുള്ള വികസനമാണ് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന വിവാദത്തിൽ സെൻസർ ബോർഡ് നിലപാടിനെ ചോദ്യം ചെയ്ത് ഹൈക്കോടതി.

3) ലഹരിക്കെതിരെ ദീർഘവീക്ഷണവും ഭാവനാസമ്പന്നുമായ പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകിയിരിക്കുന്നതെന്ന് മന്ത്രി വി എൻ വാസവൻ.

4) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിപ്ലവകരമായ മുന്നേറ്റമാണ് ഉണ്ടായതെന്ന് മന്ത്രി ആർ ബിന്ദു.

5) ശ്രവണ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തയ്യാറാക്കിയ പ്രത്യേക പുസ്തകങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

6) സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ നാളെ ചുമതലയേൽക്കും. നിലവിലെ മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് വിരമിച്ചു.

*******************

## വടകര-മുഖ്യമന്ത്രി പിണറായി വിജയൻ (ഇൻട്രോ)

നഗരവൽക്കരണത്തിൻറെ സാധ്യതകളും പ്രശ്നങ്ങളും മനസിലാക്കിയുള്ള വികസനമാണ്
നാടിന് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. -
സംസ്ഥാനത്ത് അതിവേഗം നഗരവൽക്കരണം നടക്കുകയാണെന്നും വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് നാടിന് സമർപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്........)

*******************

## ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന അനുമതി നിഷേധിച്ചതിനെതിരെയുള്ള ഹർജി ഇന്ന് വീണ്ടും പരിഗണിച്ച് കേരള ഹൈക്കോടതി. ജാനകിയെന്ന പേര് മാറ്റണമെന്ന സെൻസർ ബോർഡിൻറെ നിലപാടിനെ കോടതി ചോദ്യം ചെയ്തു. സമൂഹത്തിൽ നിലവിലുള്ള
മിക്ക പേരുകളും മതാധിഷ്ഠിതമായതിനാൽ പ്രഥമദൃഷ്ട്യാ ഈ വാദം നിലനിൽക്കില്ലെന്നും കോടതി വ്യക്തമാക്കി. കേസ് ബുധനാഴ്ച വീണ്ടും പരിഗണിക്കും.

*******************

## വി എൻ വാസവൻ

ലഹരിക്കെതിരേ ദീർഘവീക്ഷണവും ഭാവനാസമ്പന്നുമായ പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം
നൽകിയിരിക്കുന്നതെന്ന് മന്ത്രി വി എൻ വാസവൻ. ലോക

RNU TVPM

ലഹരിവിരുദ്ധ ദിനാചരണത്തിൻറെ കോട്ടയം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കുട്ടികൾക്കൊപ്പം സൂംബ നിർത്തത്തിലും മന്ത്രി പങ്കെടുത്തു.

*******************

## ആർ ബിന്ദു

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിപ്ലവകരമായ മുന്നേറ്റമാണ് ഉണ്ടായതെന്ന് മന്ത്രി ആർ ബിന്ദു. കാസർകോട് ഇ കെ നായനാർ സ്മാരക ഗവൺമെന്റ് കോളേജിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എല്ലാ കലാലയങ്ങളിലും സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിങ് സെൽസ് ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

*******************

## വി ശിവൻകുട്ടി

സംസ്ഥാനത്തെ ശ്രവണ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തയ്യാറാക്കിയ പ്രത്യേക പുസ്തകങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. സവിശേഷ വിദ്യാലയങ്ങളിലെ ഒന്ന് മുതൽ മൂന്ന് വരെ ക്ലാസുകളിലെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള പ്രത്യേക പാഠപുസ്തകങ്ങളുടെയും പ്രവർത്തന പുസ്തകങ്ങളുടെയും പ്രകാശനം നിർവഹിക്കുകയായിരുന്നു മന്ത്രി. പ്രത്യേക പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കിയാണ് 12 പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

*******************

## ജി.ആർ.അനിൽ

സംസ്ഥാനത്തെ ജൂൺ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ നീട്ടിയതായി ഭക്ഷ്യ മന്ത്രി ജി. ആർ അനിൽ. ജൂലൈ മൂന്ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. നാല് മുതൽ ജൂലൈ

RNUTVPM

മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

*******************

## <u>അദാലത്ത്</u>

പൊതുജനങ്ങളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഫയൽ അദാലത്ത് നാളെ മുതൽ ഓഗസ്റ്റ് 31 വരെ നടക്കും. ഇതിനായുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ഈ വർഷം മെയ് 31 വരെയുള്ള ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

*******************

## <u>സംസ്ഥാന പോലീസ് മേധാവി</u>

സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ നാളെ ചുമതലയേൽക്കും. 1991 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ് . നിലവിൽ ഡൽഹി ഇന്റലിജൻസ് ബ്യൂറോയിൽ സ്പെഷ്യൽ ഡയറക്ടറാണ് . നിലവിലെ മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് വിരമിക്കുന്ന ഒഴിവിലാണ് നിയമനം. ശ്രീ ഷെയ്ഖ് ദർവേഷ് സാഹിബിന് പോലീസ് ആസ്ഥാനത്ത് കേരള പോലീസിൻറെ ഔദ്യോഗിക യാത്രയയപ്പു നൽകി.

RNU TVPM

*******************

## <u>ഇരവികുളം (ഇൻട്രോ)</u>

അൻപതാം വാർഷിക നിറവിൽ നിൽക്കുന്ന ഇടുക്കിയിലെ ഇരവികുളം ദേശീയോദ്യാനത്തിന് ഇന്ത്യയിലെ ഏറ്റവും മികച്ച ദേശീയോദ്യാനമെന്ന അംഗീകാരവും. കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം 2020 മുതൽ സംരക്ഷിത വനമേഖലകളിൽ നടത്തിയ മാനേജ്മെന്റ് എഫക്ടീവ് ഇവാല്യൂവേഷന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(ഹോൾഡ് വോയ്സ്...........)

*******************

## അവലോകന യോഗം

സംസ്ഥാന മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം നാളെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തും.

*******************

## ചൂരൽ സമരം-ജാമ്യം

വയനാട് ചൂരൽമലയിൽ വില്ലേജ് ഓഫീസറുടെ വാഹനം തടഞ്ഞ് സമരം ചെയ്ത സംഭവത്തിൽ അറസ്റ്റിലായ പ്രതികൾക്ക് ജാമ്യം അനുവദിച്ചു. ചൂരൽമല സ്വദേശികൾ ഉൾപ്പെടെ ആറുപേരാണ് അറസ്റ്റിൽ ആയിരുന്നത്.

*******************

## മുല്ലപ്പെരിയാർ

RNU TVPM

മുല്ലപ്പെരിയാറിൽ ജലനിരപ്പ് റൂൾ കർവ് ലെവലിന് മുകളിൽ തുടരുന്നു. നിലവിൽ 136.40 അടിയാണ് ജലനിരപ്പ്. ഡാമിൽ നിന്നും 13 സ്പിൽ വേ ഷട്ടറുകൾ വഴിയും വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. 363.10 ഘന അടി വെള്ളമാണ് പുറത്തേക്ക് ഒഴുക്കുന്നത്. സെക്കൻ്റിൽ 2,480 ഘന അടി വെള്ളം ഡാമിലേക്ക് ഒഴുകിയെത്തുന്നുണ്ട്.

*******************

## മഴ ജാഗ്രത

അടുത്ത 5 ദിവസങ്ങളിൽ സംസ്ഥാനത്ത് മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. വിവിധ ജില്ലകളിൽ മറ്റന്നാൾ മുതൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.

*******************

## ആലപ്പുഴ-മഴ (ഇൻട്രോ)

മഴക്ക് ശമനമുണ്ടെങ്കിലും കുട്ടനാട്ടിൽ മഴക്കെടുതി തുടരുകയാണ്. നിരവധി വീടുകൾ  ഇപ്പോഴും വെള്ളത്തിലാണ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.

(ഹോൾഡ് വോയ്സ്...........)

*******************

## <u>മുഖ്യമന്ത്രി- എസ്എഫ്ഐ</u>

കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വലിയമാറ്റം സൃഷ്ടിക്കാനായതായി മുഖ്യമന്ത്രി പിണറായി വിജയൻ . SFI അഖിലേന്ത്യാ സമാപന സമ്മേളനം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പശ്ചാത്തല രംഗത്ത് മികവുണ്ടായതായും ബദൽ നയമാണ് സർക്കാർ മുന്നോട്ട് വെക്കുന്നതെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

*******************

## <u>ഇ-സൈക്കിൾ (ഇൻട്രോ)</u>

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ കുടുംബശ്രീ അംഗങ്ങൾക്ക് നല്കുന്ന ഇ സൈക്കിൾ വിതരണോദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നാളെ കണ്ണൂരിൽ നിർവഹിക്കും. കണ്ണൂർ, പാലക്കാട് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഇ സൈക്കിളുകൾ നൽകുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

(ഹോൾഡ് വോയ്സ്........)

*******************

RNU TVPM

## <u>എസ്എഫ്ഐ</u>

എസ്.എഫ്.ഐ സമ്മേളനത്തിൻറെ ഭാഗമായി പ്രവർത്തി ദിവസത്തിൽ സർക്കാർ സ്കൂളിന് അവധി നൽകിയ സംഭവത്തിൽ കെഎസ്‌യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട് ഡി.ഡി.ഇ യെ ഉപരോധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ഹയർസെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിനാണ് സ്കൂൾ അധികൃതർ അവധി നൽകിയത്. സ്കൂളിലെ ഹെഡ്മാസ്റ്റർ അടക്കമുള്ള അധ്യാപകർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു ഉപരോധം.

*******************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 452 പോയിൻറ് കുറഞ്ഞ് 83,606 ലും നിഫ്റ്റി 121 പോയിന്റ് താഴ്ന്ന് 25,517 ലും വ്യാപാരം അവസാനിച്ചു . സ്വർണവിലയിൽ ഇടിവ് . പവന് 120 രൂപ കുറഞ്ഞ് 71,320 രൂപയും ഗ്രാമിന് 15 രൂപ കുറഞ്ഞ് 8,915 രൂപയുമാണ് ഇന്നത്തെ വില

*******************

## ആശ സമരം

സംസ്ഥാനത്തെ ആശാപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തി വരുന്ന സമരം അഞ്ചാം ഘട്ടത്തിലേക്ക് കടന്നു. അടുത്ത മാസം മുതൽ സംസ്ഥാനത്തെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആയിരം പ്രതിഷേധ സദസുകൾ സംഘടിപ്പിക്കുമെന്ന് ആശാ പ്രവർത്തകർ അറിയിച്ചു. സമരം അവസാനിപ്പിക്കണമെന്ന് ആശാ പ്രവർത്തകരുടെ പ്രശ്നം പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി ആവശ്യപ്പെട്ടു. തങ്ങൾക്ക് അനുകൂലമായി തീരുമാനം ഉണ്ടാകുന്നത് വരെ സമരവുമായി മുന്നോട്ട് പോകുമെന്ന് ആശാ പ്രവർത്തകർ അറിയിച്ചു.

RNU TVPM

*******************

## തസ്തികകൾ-ആർ ബിന്ദു

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ പത്ത് അനധ്യാപക തസ്തികകൾ സൃഷ്ടിച്ചു

ഉത്തരവായതായി മന്ത്രി ആർ ബിന്ദു. അഞ്ച് സെക്ഷൻ ഓഫീസർമാർ, ഒരു അസിസ്റ്റൻ്റ് രജിസ്ട്രാർ, ഒരു ഡെപ്യൂട്ടി രജിസ്ട്രാർ, രണ്ട് അസിസ്റ്റൻ്റുമാർ, ഒരു പ്രൊഫഷണൽ അസിസ്റ്റൻ്റ് തസ്തികകളാണ് സൃഷ്ടിച്ചത്. ഈ തസ്തികകളിലേക്ക് അന്തർസർവ്വകലാശാല മാറ്റം വഴിയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ജീവനക്കാരെ പുനർവിന്യസിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*******************

## എ.കെ. ശശീന്ദ്രൻ

വനമഹോത്സവുമായി ബന്ധപ്പെട്ട ആഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച വനം മന്ത്രി എ.കെ. ശശീന്ദ്രൻ കോട്ടയത്ത് നിർവഹിക്കും. സഹകരണ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. വനംവകുപ്പ് നടപ്പാക്കുന്ന ട്രീ ബാങ്കിംഗ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം, ഇക്കോ - ടൂറിസം വെബ് സൈറ്റ് ഉദ്ഘാടനം, മറയൂർ ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച ഡോക്യുമെന്ററി പ്രകാശനം എന്നിവയും നടക്കും.

*******************

************

*******

RNU TVPM